**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 460** **09-08-2023 - ൽ മറുപടിയ്ക്ക്**

**കിഫ്ബി മുഖേന ആരംഭിച്ച വെള്ളിയോട്ട ഗവ: യു.പി സ്കൂൾ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി മുഖേന 3 കോടി രൂപ അനുവദിക്കപ്പെട്ടുകയും കിലയെ നിർവഹണ ഏജൻസിയാക്കിയിട്ടുള്ളതുമായ നാദാപുരം മണ്ഡലത്തിലെ വെള്ളിയോട്ട ഗവ.യു.പി സ്കൂൾ നവീകരണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ; | (എ) | നാദാപുരം മണ്ഡലത്തിലെ വെള്ളിയോട് ഗവ. ഹയർ സെക്കണ്ടറി സ്കൂളിന് കിലയുടെ ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റി 02.08.2023 ന് സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | കില പ്രവൃത്തി ഏറ്റെടുത്തതിനുശേഷം നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (ബി) | നാദാപുരം മണ്ഡലത്തിലെ വെള്ളിയോട് ഗവ. ഹയർ സെക്കണ്ടറി സ്കൂളിന്റെ ആദ്യ എസ്.പി.വി ഇൻകെൽ ആയിരുന്നു. ഇൻകെൽ സമർപ്പിച്ച ഡിപിആർ കിഫ്ബിയിൽ പരിശോധിക്കുകയും 26.02.2021 ലെ ഉത്തരവ് നം. GED006-21/AE-1/2021/KIIFB പ്രകാരം 2.99 കോടി രൂപയുടെ ധനാനുമതി നൽകുകയും ചെയ്തു. തുടർന്ന് 28.01.2021 ലെ സഉ(സാ.ധാ)783/2021/G.Edn പ്രകാരം എസ്.പി.വി. യായിരുന്ന<br><br>ഇൻകെലിനെ മാറ്റി കിലയെ പുതിയ എസ്.പി.വിയായി നിയമിക്കുകയും ചെയ്തു.<br><br>തുടർന്ന് കില എസ്റ്റിമേറ്റ് തയ്യാറാക്കി ടെക്നിക്കൽ അനുമതിയ്ക്ക് സമർപ്പിച്ചെങ്കിലും ഇൻകെൽ തയ്യാറാക്കിയ സോയിൽ റിപ്പോർട്ട് അപൂർണ്ണമായതിനാൽ ടെക്നിക്കൽ സാങ്ഷൻ ലഭിച്ചില്ല. തുടർന്ന് കില സോയിൽ ടെസ്റ്റ് കൺഫർമേഷൻ ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പുതുക്കി വീണ്ടും ടെക്നിക്കൽ സാങ്ഷനു സമർപ്പിക്കുകയും ചെയ്തു. 02/08/2023 നു ചേർന്ന കില ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റി ടി സ്കൂളിന് സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. പദ്ധതി എത്രയും വേഗം ടെണ്ടർ ചെയ്ത് നടപ്പിലാക്കാനുള്ള നടപടികൾ എസ്.പി.വി സ്വീകരിച്ച് വരുന്നു. |
| (സി) | നിർമ്മാണ പ്രവൃത്തി ഉടൻ ആരംഭിക്കാൻ നടപടി | (സി) | നാദാപുരം മണ്ഡലത്തിലെ വെള്ളിയോട് ഗവ. ഹയർ |

| | | | |
|---|---|---|---|
| | സ്വീകരിക്കുമോ? | | സെക്കണ്ടറി സ്കൂളിന്റെ ആദ്യ എസ്.പി.വി ഇൻകെൽ ആയിരുന്നു. ഇൻകെൽ സമർപ്പിച്ച ഡിപിആർ കിഫ്ബിയിൽ പരിശോധിക്കുകയും 26.02.2021 ലെ ഉത്തരവ് നം. GED006-21/AE-1/2021/KIIFB പ്രകാരം 2.99 കോടി രൂപയുടെ ധനാനുമതി നൽകുകയും ചെയ്തു. തുടർന്ന് 28.01.2021 ലെ സഉ(സാ.ധാ)783/2021/G.Edn പ്രകാരം എസ്.പി.വി. യായിരുന്ന<br><br>ഇൻകെലിനെ മാറ്റി കിലയെ പുതിയ എസ്.പി.വിയായി നിയമിക്കുകയും ചെയ്തു.<br><br>തുടർന്ന് കില എസ്റ്റിമേറ്റ് തയ്യാറാക്കി ടെക്നിക്കൽ അനുമതിയ്ക്ക് സമർപ്പിച്ചെങ്കിലും ഇൻകെൽ തയ്യാറാക്കിയ സോയിൽ റിപ്പോർട്ട് അപൂർണ്ണമായതിനാൽ ടെക്നിക്കൽ സാങ്ഷൻ ലഭിച്ചില്ല. തുടർന്ന് കില സോയിൽ ടെസ്റ്റ് കൺഫർമേഷൻ ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പുതുക്കി വീണ്ടും ടെക്നിക്കൽ സാങ്ഷനു സമർപ്പിക്കുകയും ചെയ്തു. 02/08/2023 നു ചേർന്ന കില ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റി ടി സ്കൂളിന് സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. പദ്ധതി എത്രയും വേഗം ടെണ്ടർ ചെയ്ത് നടപ്പിലാക്കാനുള്ള നടപടികൾ എസ്.പി.വി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ